**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4337** **18-03-2025 - ൽ മറുപടിയ്ക്ക്**

**ചില്ലറ വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചില്ലറ വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (എ) | ഇന്ത്യയിൽ പ്രവർത്തിച്ചുവരുന്ന ചില്ലറ മൊത്തവ്യാപാര സ്ഥാപനങ്ങളെ 2021 ജൂലൈ 2 ലെ ഉത്തരവ് നമ്പർ 5/2(2)/2021-E/P & G/Policy പ്രകാരം കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയം എം.എസ്.എം.ഇ-കളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മുഖേന, വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ കൾക്ക് ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കും. കൂടാതെ, ട്രേഡ്യൂണിറ്റുകൾക്ക് മുൻഗണനാ മേഖല വായ്പ ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കാനും സാധിക്കും.<br><br>ചെറുകിട വ്യാപാരസംരംഭങ്ങൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പൊതുജനങ്ങൾക്കും സംരംഭകർക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് എല്ലാ തദ്ദേശ സ്ഥാപങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവ്വ് കളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാകാര്യ ങ്ങൾക്കും പൊതുജനങ്ങൾക്ക് ഈ എക്സിക്യൂട്ടീവ്വുമാരുടെ സേവനം തേടാവുന്നതാണ്.<br><br>സംസ്ഥാനത്തെ 1034 തദ്ദേശസ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ്പ് ഡെസ്ക്കുകൾ വഴി ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ള സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് മാരുടെ സേവനം പ്രയോജനപ്പെടുത്താം. |

| | | | |
|---|---|---|---|
| | | | ചെറുകിട വ്യാപാരസംരംഭകർ ഉൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ താലൂക്ക് തലത്തിൽ എം.എസ്.എം.ഇ ഫെസിലി റ്റേഷൻ സെന്ററുകൾ നിലവിലുണ്ട്. പ്രൊഫെഷണൽ യോഗ്യതയുള്ള റിസോഴ്സ്പേഴ്സൻമാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി ഇവിടെ നിയമിച്ചിട്ടുണ്ട്.<br><br>ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന വ്യാപാരസംരംഭങ്ങൾ ഉൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരംസംരംഭങ്ങൾക്ക് ബാങ്ക് ഈടാക്കുന്ന പലിശയിന്മേൽ സഹായം ലഭ്യമാക്കുന്ന തിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഉത്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവ് നൽകുന്നു. 1/4/2022-നോ അതിനുശേഷമോ പ്രവർത്തനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.<br><br>സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകട സാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി വ്യവസായ വകുപ്പ് നടപ്പിലാക്കുന്നു. പ്രീമിയം തുകയുടെ 50 ശതമാനം, പരമാവധി 5000 രൂപ വരെ സബ്സിഡി നൽകുന്നതാണ് ഈ പദ്ധതി. നിലവിൽ പ്രവർത്തിക്കുന്ന സംരംഭകർക്കും അതുപോലെ പുതിയ സംരംഭകർക്കും ഈ ആനുകൂല്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ